# 039/2018-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിലെ ഇപ്പോഴത്തെ ആഭ്യന്തരമന്ത്രി ആര്?
   - (A) വി.എസ്. അച്യുതാനന്ദൻ
   - (B) പിണറായി വിജയൻ
   - (C) കടന്നപ്പള്ളി രാമചന്ദ്രൻ
   - (D) വി.എസ്. സുനിൽകുമാർ

2. ഇന്ത്യയുടെ പ്രഥമ ചൊവ്വാദൗത്യത്തിന് നൽകിയ പേര് :
   - (A) ചന്ദ്രയാൻ
   - (B) ചൊവ്വ-2013
   - (C) മംഗൾയാൻ
   - (D) ഡീപ്പ് ഇംപാക്ക്

3. ലോക മാതൃഭാഷാദിനം എന്ന്?
   - (A) ഫെബ്രുവരി 21
   - (B) മാർച്ച് 23
   - (C) ഏപ്രിൽ 7
   - (D) ജനുവരി 9

4. 2016-ൽ വയലാർ അവാർഡ് നേടിയത് ആര്?
   - (A) ശ്രീകുമാരൻ തമ്പി
   - (B) സി. രാധാകൃഷ്ണൻ
   - (C) ബി. മുരളി
   - (D) യു.കെ. കുമാരൻ

5. കേരള സർക്കാറിന്റെ നേതൃത്വത്തിൽ എം.ടി. വാസുദേവൻ നായർ മ്യൂസിയം നിർമ്മിക്കുന്നത് എവിടെ?
   - (A) തിരുവനന്തപുരം
   - (B) കൊച്ചി
   - (C) കോഴിക്കോട്
   - (D) കണ്ണൂർ

6. ഇന്ത്യയിൽ തൊഴിലില്ലായ്മ ഏറ്റവും കുറവുള്ള സംസ്ഥാനം :
   - (A) കേരളം
   - (B) ഗുജറാത്ത്
   - (C) പഞ്ചാബ്
   - (D) പശ്ചിമബംഗാൾ

7. കേരള ഹൈക്കോടതിയുടെ ഇപ്പോഴത്തെ ചീഫ് ജസ്റ്റീസ് ആര്?
   - (A) അശോക് ഭൂഷൺ
   - (B) നവനീത് പ്രസാദ് സിംഗ്
   - (C) വി.എസ്. ഠാക്കൂർ
   - (D) ശാന്തന ഗൗഡർ മോഹൻ മല്ലികാർജ്ജുന

8. കേരളം മുഴുവൻ ജൈവകൃഷി വ്യാപിപ്പിക്കാൻ കുടുംബശ്രീ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതി ഏത്?
   (A) പൊലിവ് (B) നിറവ്
   (C) ജീവനം (D) സുരഭി

9. കണ്ടൽക്കാടുകളെ റിസർവ്വ് വനമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം ഏത്?
   (A) കേരളം (B) മഹാരാഷ്ട്ര
   (C) തമിഴ്നാട് (D) ഗുജറാത്ത്

10. റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ശുഭയാത്ര-2015 പദ്ധതിയുടെ ബ്രാൻഡ് അംബാസിഡർ ആര്?
   (A) ദിലീപ് (B) മമ്മൂട്ടി
   (C) മഞ്ചു വാര്യർ (D) മോഹൻലാൽ

11. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഇന്ത്യയുടെ ഏറ്റവും വടക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന പർവ്വതനിര ഏത്?
   (A) ഹിമാചൽ (B) സിവാലിക്
   (C) ഹിമാദ്രി (D) ആരവല്ലി

12. ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ സംസ്ഥാനം ഏത്?
   (A) മഹാരാഷ്ട്ര (B) രാജസ്ഥാൻ
   (C) ജമ്മു-കാശ്മീർ (D) മദ്ധ്യപ്രദേശ്

13. ദുർഗ്ഗാപ്പൂർ ഇരുമ്പുരുക്ക് നിർമ്മാണശാലയ്ക്ക് സാമ്പത്തിക സഹായം നൽകിയിരിക്കുന്ന വിദേശരാജ്യം ഏത്?
   (A) ജർമ്മനി (B) റഷ്യ
   (C) അമേരിക്ക (D) ബ്രിട്ടൺ

14. ചുവടെ കൊടുത്തിരിക്കുന്നതിൽ ഒരിന്ത്യൻ സംസ്ഥാനവുമായി മാത്രം അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?
   (A) മേഘാലയ (B) ഹിമാചൽ പ്രദേശ്
   (C) ഒഡീഷ (D) ത്രിപുര

15. ഇന്ത്യയിലെ ഏറ്റവും വലിയ ബയോസ്ഫിയർ റിസർവ്വ് ഏത്?
   (A) നീലഗിരി (B) സുന്ദരവനം
   (C) അഗസ്ത്യാർകൂടം (D) ഗ്രേറ്റ് റാൻ ഓഫ് കച്ച്

16. തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത്?
(A) അഗസ്ത്യാർകൂടം (B) തെൻമല
(C) ആനമുടി (D) കാഞ്ചൻജംഗ

17. ഏറ്റവും കൂടുതൽ ദിനപത്രങ്ങൾ പുറത്തിറങ്ങുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?
(A) മദ്ധ്യപ്രദേശ് (B) മഹാരാഷ്ട്ര
(C) ഉത്തർപ്രദേശ് (D) കേരളം

18. ഇന്ത്യയിൽ നിലനിൽക്കുന്ന സമ്പദ്വ്യവസ്ഥ ഏതു തരം സമ്പദ്വ്യവസ്ഥയ്ക്ക് ഉദാഹരണമാണ്?
(A) മുതലാളിത്ത സമ്പദ്വ്യവസ്ഥ (B) സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ
(C) മിശ്ര സമ്പദ്വ്യവസ്ഥ (D) കമ്പോള സമ്പദ്വ്യവസ്ഥ

19. തെലുങ്കാന സംസ്ഥാനത്തിന്റെ തലസ്ഥാനം ഏത്?
(A) കർണൂൽ (B) ഹൈദരാബാദ്
(C) സെക്കന്തരാബാദ് (D) വിശാഖപട്ടണം

20. തമിഴ്നാടിന്റെ ഔദ്യോഗിക പക്ഷി ഏത്?
(A) പ്രാവ് (B) മയിൽ
(C) വേഴാമ്പൽ (D) കുയിൽ

21. ഖേഡയിലെ പ്രസിദ്ധമായ കർഷക സമരം നടന്ന വർഷം :
(A) 1918 (B) 1919
(C) 1921 (D) 1927

22. ''പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ ജാലിയൻ വാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി'' ഇങ്ങനെ അഭിപ്രായപ്പെട്ടത് ആരാണ്?
(A) ജവഹർലാൽ നെഹ്റു (B) ഉദ്ദം സിംഗ്
(C) മോട്ടിലാൽ നെഹ്റു (D) ഗാന്ധിജി

23. സതി എന്ന സാമൂഹ്യദുരാചാരത്തിന്റെ ചിത്രം വരച്ച പ്രശസ്ത ചിത്രകാരൻ ആര്?
(A) രാജാറാം മോഹൻ റോയ് (B) അമൃത ഷേർഗിൽ
(C) നന്ദലാൽ ബോസ് (D) അബനീന്ദ്ര നാഥ ടാഗോർ

24. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ആര്?
(A) കെ. കേളപ്പൻ (B) പി. കൃഷ്ണപിള്ള
(C) എ.കെ. ഗോപാലൻ (D) എൻ.വി. ജോസഫ്

25. ഇന്ത്യൻ ദേശീയതയുടെ പിതാവായി അറിയപ്പെടുന്നത് ആര്?

(A) ഗാന്ധിജി
(B) ജവഹർലാൽ നെഹ്റു
(C) സുഭാഷ് ചന്ദ്രബോസ്
(D) സുരേന്ദ്രനാഥ ബാനർജി

26. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യ വനിതാ പ്രസിഡന്റ് ആര്?

(A) ആനിബസന്റ്
(B) സരോജിനി നായിഡു
(C) നെല്ലിസെൻ ഗുപ്ത
(D) സോണിയാഗാന്ധി

27. 'രക്തസാക്ഷികളുടെ രാജകുമാരൻ' എന്ന വിശേഷണം ലഭിച്ച സ്വാതന്ത്ര്യ സമര സേനാനി :

(A) സുഭാഷ് ചന്ദ്ര ബോസ്
(B) ലാലാ ലജ്പത് റായ്
(C) ഭഗത് സിംഗ്
(D) രാജ്ഗുരു

28. 'പോസ്റ്റാഫീസ്' എന്ന കൃതി രചിച്ചത് ആര്?

(A) ഗോപാലകൃഷ്ണ ഗോഖലെ
(B) നന്ദലാൽ ബോസ്
(C) പ്രേംചന്ദ്
(D) രവീന്ദ്രനാഥ് ടാഗോർ

29. ഇന്ത്യയുടെ ഒന്നാം സ്വതന്ത്ര്യസമരം നടന്ന വർഷം :

(A) 1741
(B) 1747
(C) 1857
(D) 1947

30. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് ആരായിരുന്നു?

(A) ഗാന്ധിജി
(B) ജെ.ബി. കൃപലാനി
(C) ജവഹർലാൽ നെഹ്റു
(D) സി. രാജഗോപാലാചാരി

31. ഗ്രാമീണ റിപ്പബ്ലിക്കുകളുടെ കൂട്ടം എന്നറിയപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം :

(A) മിസ്സോറം
(B) നാഗാലാന്റ്
(C) പശ്ചിമബംഗാൾ
(D) ജമ്മു-കാശ്മീർ

32. വിദ്യാഭ്യാസ അവകാശനിയമം പാസ്സാക്കിയ വർഷം :

(A) 2010
(B) 2011
(C) 2012
(D) 2016

33. എത്ര മൗലിക കടമകളാണ് ഇപ്പോൾ ഭരണഘടനയിൽ ഉള്ളത്?

(A) 8
(B) 10
(C) 11
(D) 13

34. ഇന്ത്യയുടെ ആദ്യത്തെ ആക്ടിംഗ് പ്രസിഡന്റ് ആര്?
   (A) വി.വി. ഗിരി
   (B) മുഹമ്മദ് ഹിദായത്തുള്ള
   (C) ബി.ഡി. ജെട്ടി
   (D) നീലം സഞ്ജീവ റെഡ്ഡി

35. ഇന്ത്യയുടെ ദേശീയഗീതമായി വന്ദേമാതരം അംഗീകരിച്ചത് എന്ന്?
   (A) 1947 ജൂലൈ 22
   (B) 1950 ജനുവരി 24
   (C) 1947 ആഗസ്റ്റ് 15
   (D) 1950 ജനുവരി 26

36. ഇന്ത്യയുടെ ദേശീയ കായിക വിനോദം ഏത്?
   (A) ഹോക്കി
   (B) ക്രിക്കറ്റ്
   (C) ഫുട്ബോൾ
   (D) ഗോൾഫ്

37. പാർലമെന്റിൽ വിശ്വാസപ്രമേയം അവതരിപ്പിക്കുന്നത് ആരാണ്?
   (A) പ്രസിഡന്റ്
   (B) പ്രതിപക്ഷ നേതാവ്
   (C) സ്പീക്കർ
   (D) പ്രധാനമന്ത്രി

38. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ടെലിഫോണിലൂടെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം :
   (A) മദ്ധ്യപ്രദേശ്
   (B) ഒഡീഷ
   (C) ഉത്തർപ്രദേശ്
   (D) കേരളം

39. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം :
   (A) കൊച്ചി
   (B) തിരുവനന്തപുരം
   (C) കോഴിക്കോട്
   (D) തൃശ്ശൂർ

40. ഇന്ത്യൻ രാഷ്ട്രപതിയായ ആദ്യ വനിത ആര്?
   (A) സരോജിനി നായിഡു
   (B) ഇന്ദിരാഗാന്ധി
   (C) ക്യാപ്റ്റൻ ലക്ഷ്മി
   (D) പ്രതിഭാ പാട്ടീൽ

41. കേരളത്തിൽ ഏറ്റവും കൂടുതൽ കാണുന്ന ഭൂപ്രകൃതി വിഭാഗം ഏത്?
   (A) മലനാട്
   (B) ഇടനാട്
   (C) തീരപ്രദേശം
   (D) കായലോരം

42. കേരളാ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന്റെ ആസ്ഥാനം എവിടെ?
   (A) എറണാകുളം
   (B) ആലപ്പുഴ
   (C) കൊല്ലം
   (D) മഞ്ചേശ്വരം

43. പേപ്പാറ വന്യജീവി സങ്കേതം സ്ഥിതിചെയ്യുന്ന ജില്ല ഏത്?

(A) കണ്ണൂർ
(B) കൊല്ലം
(C) തിരുവനന്തപുരം
(D) ഇടുക്കി

44. സൈലന്റ്‌വാലിയിൽ നിന്നും ഉത്ഭവിക്കുന്ന നദി ഏത്?

(A) മയ്യഴിപ്പുഴ
(B) കുന്തിപ്പുഴ
(C) ചന്ദ്രഗിരിപ്പുഴ
(D) തൂതപ്പുഴ

45. ആശ്രാമം കായൽ എന്നറിയപ്പെടുന്ന കേരളത്തിലെ കായൽ ഏത്?

(A) ശാസ്താംകോട്ട കായൽ
(B) വേമ്പനാട്ട് കായൽ
(C) അഷ്ടമുടി കായൽ
(D) ഉപ്പള കായൽ

46. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള കേരളത്തിലെ ജില്ല ഏത്?

(A) കണ്ണൂർ
(B) കൊല്ലം
(C) ആലപ്പുഴ
(D) എറണാകുളം

47. കോഴിക്കോട് ജില്ലയിലെ ഉറുമി ജലവൈദ്യുത പദ്ധതിയുമായി സഹകരിച്ചിരിക്കുന്ന രാജ്യം ഏത്?

(A) ക്യാനഡ
(B) നോർവെ
(C) റഷ്യ
(D) ചൈന

48. ഏറ്റവും കുറച്ച് ദേശീയ പാതകൾ കടന്നുപോകുന്ന കേരളത്തിലെ ജില്ല ഏത്?

(A) വയനാട്
(B) തൃശ്ശൂർ
(C) ഇടുക്കി
(D) കാസർഗോഡ്

49. കേരളത്തിൽ ജനസംഖ്യ ഏറ്റവും കൂടുതലുള്ള ജില്ല ഏത്?

(A) തിരുവനന്തപുരം
(B) മലപ്പുറം
(C) കണ്ണൂർ
(D) എറണാകുളം

50. പയ്യോളി എക്സ്പ്രസ്സ് എന്ന വിശേഷണമുള്ള കേരള കായികതാരം ഏത്?

(A) എം.ഡി. വത്സമ്മ
(B) എസ്. ശ്രീശാന്ത്
(C) കെ.സി. ഏലമ്മ
(D) പി.ടി. ഉഷ

51. മയ്യഴി ഗാന്ധി എന്നറിയപ്പെടുന്ന സ്വാതന്ത്ര്യ സമരസേനാനി ആര്?

(A) എ.കെ. ഗോപാലൻ
(B) ഐ.കെ. കുമാരൻ മാസ്റ്റർ
(C) എൻ.വി. ജോസഫ്
(D) കെ. കേളപ്പൻ

52. നായർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപകൻ ആര്?
(A) ഡോ. പൽപ്പു
(B) വി.ടി. ഭട്ടതിരിപ്പാട്
(C) പി. കൃഷ്ണപിള്ള
(D) മന്നത്ത് പത്മനാഭൻ

53. ക്ഷേത്രപ്രവേശന വിളംബരം നടന്ന വർഷം ഏത്?
(A) 1931
(B) 1924
(C) 1946
(D) 1936

54. കുമാരനാശാൻ സ്മാരകം സ്ഥിതിചെയ്യുന്നത് എവിടെ?
(A) തോന്നയ്ക്കൽ
(B) ചെറായ്
(C) ജഗതി
(D) ചെമ്പഴന്തി

55. അയ്യങ്കാളിയെ പുലയരാജ എന്ന് വിശേഷിപ്പിച്ചത് ആര്?
(A) രവീന്ദ്രനാഥ ടാഗോർ
(B) ഗാന്ധിജി
(C) ജവഹർലാൽ നെഹ്റു
(D) ശ്രീനാരായണ ഗുരു

56. പ്രസിദ്ധമായ മാരാമൺ കൺവെൻഷൻ നടക്കുന്നത് ഏത് നദിക്കരയിൽ?
(A) ഭാരതപ്പുഴ
(B) പെരിയാർ
(C) പമ്പ
(D) കബനി

57. ചേരമർ മഹാജനസഭ രൂപീകരിച്ചത് ആര്?
(A) സഹോദരൻ അയ്യപ്പൻ
(B) പൊയ്കയിൽ യോഹന്നാൻ
(C) പാമ്പാടി ജോൺ ജോസഫ്
(D) അർണോസ് പാതിരി

58. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതു കലാപവുമായി ബന്ധപ്പെട്ടാണ് വാഗൺ ട്രാജഡി നടന്നത്?
(A) മലബാർ ലഹള
(B) നിവർത്തന പ്രക്ഷോഭം
(C) ഉപ്പു സത്യാഗ്രഹം
(D) പുന്നപ്ര വയലാർ സമരം

59. തിരുകൊച്ചി സംസ്ഥാനം നിലവിൽ വന്ന വർഷം :
(A) 1946
(B) 1949
(C) 1952
(D) 1956

60. ഒന്നേകാൽക്കോടി മലയാളികൾ എന്ന പ്രശസ്തമായ കൃതി ആരുടേതാണ്?
(A) എൻ.വി. കൃഷ്ണവാരിയർ
(B) ഇ.എം.എസ്. നമ്പൂതിരിപ്പാട്
(C) ആനി മസ്ക്രീൻ
(D) കെ. രാമകൃഷ്ണപിള്ള

61. വ്യത്യസ്ത മൂലകങ്ങളുടെ തുല്യ എണ്ണം ന്യൂട്രോണുകൾ ഉള്ള ആറ്റങ്ങൾ അറിയപ്പെടുന്നത് :

(A) ഐസോടോപ്പുകൾ
(B) ഐസോടോണുകൾ
(C) ഐസോബാറുകൾ
(D) ഇതൊന്നുമല്ല

62. ആവർത്തനപ്പട്ടികയുടെ നാലാമത്തെ പിരിയഡിൽ ഉള്ള മൂലകങ്ങളുടെ എണ്ണം :

(A) 4
(B) 8
(C) 18
(D) 16

63. ഘനജലത്തിലുള്ള ഹൈഡ്രജന്റെ ഐസോടോപ്പ് :

(A) ഡ്യൂട്ടീരിയം
(B) ട്രിഷിയം
(C) പ്രോട്ടിയം
(D) ഇറിഡിയം

64. സോളാർ പാനലിൽ സെല്ലുകൾ തമ്മിൽ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ലോഹം :

(A) ചെമ്പ്
(B) അലുമിനിയം
(C) പ്ലാറ്റിനം
(D) വെള്ളി

65. സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹം :

(A) ടൈറ്റൻ
(B) ഗാനിമിഡ്
(C) ഡെയ്മോസ്
(D) ഫോബോസ്

66. മെർക്കുറിയുടെ അയിര് :

(A) സിന്നബാർ
(B) ഗലാന
(C) ഹേമറ്റൈറ്റ്
(D) മാഗ്നറ്റൈറ്റ്

67. ഗ്ലാസ്സിൽ വെള്ളം പറ്റിപ്പിടിച്ചിരിക്കുന്നതിന് കാരണമായ ബലം :

(A) പ്രതലബലം
(B) ഘർഷണബലം
(C) അഡ്ഹിഷൻ
(D) കൊഹിഷൻ

68. ചുവന്ന പ്രകാശവും നീല പ്രകാശവും ചേർന്നുണ്ടാകുന്ന ദ്വിതീയ വർണ്ണം :

(A) മജന്ത
(B) സയൻ
(C) മഞ്ഞ
(D) ഓറഞ്ച്

69. ശബ്ദത്തിന്റെ ഉച്ചത രേഖപ്പെടുത്തുന്ന യൂണിറ്റ് :

(A) ഡെസിബെൽ
(B) ഹെർട്സ്
(C) മാക്നമ്പർ
(D) ന്യൂട്ടൺ

70. 100°C ന് സമാനമായ ഫാരൻഹീറ്റ് :

(A) 32 (B) 212

(C) 112 (D) 132

71. മനുഷ്യാസ്ഥികൂടത്തിലെ ആകെ അസ്ഥികളുടെ എണ്ണം :

(A) 120 (B) 206

(C) 80 (D) 200

72. ഹൃദയത്തെ ആവരണം ചെയ്തു കാണുന്ന ഇരട്ടസ്തരം :

(A) പെരികാർഡിയം (B) മെനിഞ്ചസ്

(C) പ്ലൂറ (D) പെരിട്ടോണിയം

73. പ്രത്യുൽപാദന വ്യവസ്ഥയുടെ ആരോഗ്യവുമായി ബന്ധപ്പെട്ട ജീവകം :

(A) ജീവകം എ (B) ജീവകം ഡി

(C) ജീവകം സി (D) ജീവകം ഇ

74. ശരീരദ്രവങ്ങളിലൂടെ പകരുന്ന ഒരു വൈറസ് രോഗം :

(A) ചിക്കൻപോക്സ് (B) സാർസ്

(C) എയ്ഡ്സ് (D) ഡെങ്കിപ്പനി

75. ഏത് വിളയുടെ ശാസ്ത്രീയനാമമാണ് പൈപ്പർ നൈഗ്രം?

(A) കുരുമുളക് (B) നെല്ല്

(C) ഗോതമ്പ് (D) ഏലം

76. കേരള സർക്കാർ നടപ്പിലാക്കിയ 'സുകൃതം' പദ്ധതി ഏത് രോഗവുമായി ബന്ധപ്പെട്ടതാണ്?

(A) പ്രമേഹം (B) എയ്ഡ്സ്

(C) ക്ഷയം (D) ക്യാൻസർ

77. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നത് :

(A) കണ്ണൂർ (B) കാസർഗോഡ്

(C) തിരുവനന്തപുരം (D) കൊല്ലം

78. ലോക പ്രമേഹ ദിനം :

(A) ഡിസംബർ 1 (B) നവംബർ 14

(C) ജൂൺ 5 (D) ജൂലൈ 11

**79.** അന്താരാഷ്ട്ര പയർ വർഷമായി ആചരിച്ചത് :

(A) 2016 (B) 2014
(C) 2015 (D) 2012

**80.** കേരളത്തിലെ വന്യജീവി സങ്കേതത്തിന് ഉദാഹരണം :

(A) ഇരവികുളം (B) സൈലന്റ്‌വാലി
(C) പേപ്പാറ (D) നീലഗിരി

**81.** $111 \times 112 = 111 + X^2$ ആയാൽ $X$ ന്റെ വില എത്ര?

(A) 112 (B) 113
(C) 111 (D) 100

**82.** ആദ്യത്തെ 8 ഒറ്റ സംഖ്യകളുടെ ശരാശരി എത്ര?

(A) 8 (B) 16
(C) 24 (D) 15

**83.** $25 \times 345 - 24 \times 345 =$

(A) 340 (B) 345
(C) 350 (D) 360

**84.** $\frac{11}{16}, \frac{4}{3}, \frac{5}{9}, \frac{4}{11}$ ഇവയെ ആരോഹണക്രമത്തിലെഴുതിയാൽ 3-ാമത് വരുന്ന ഭിന്നസംഖ്യ ഏതാണ്?

(A) $\frac{11}{16}$ (B) $\frac{4}{11}$
(C) $\frac{5}{9}$ (D) $\frac{4}{3}$

**85.** $1.8 \times 3.6 \div 0.09$ ന്റെ വിലയെത്ര?

(A) 9 (B) 0.9
(C) 7.2 (D) 72

**86.** ഒറ്റയാനെ കണ്ടെത്തുക :

1 3 8 31 129 651

(A) 3 (B) 8
(C) 129 (D) 651

87. $9910 + 100 \times 100^0$ എത്രയാണ്?

(A) 1000 (B) 10101

(C) 10010 (D) 101010

88. $\sqrt{0.0016} \times \sqrt{0.000025} \times \sqrt{100} =$

(A) 0.02 (B) 0.2

(C) 0.002 (D) 0.0002

89. $2\frac{1}{2}$ യുടെ $1\frac{1}{2}$ മടങ്ങ് എത്ര?

(A) $1\frac{3}{4}$ (B) $2\frac{3}{4}$

(C) $4\frac{3}{4}$ (D) $3\frac{3}{4}$

90. $1 \times 2 \times 3 \times ..... \times 15$ ന്റെ ഗുണനഫലത്തിലെ അവസാന അക്കം ഏതാണ്?

(A) 0 (B) 1

(C) 5 (D) ഇതൊന്നുമല്ല

91. 1250 ന്റെ 50% ന്റെ 40% എത്ര?

(A) 125 (B) 250

(C) 200 (D) 175

92. $x + \frac{1}{x} = 5$ ആയാൽ $x^2 + \frac{1}{x^2}$ എത്ര?

(A) 10 (B) 25

(C) 23 (D) 20

93. ഒരു സംഖ്യയുടെ 2 മടങ്ങ് ആ സംഖ്യയുടെ $\frac{1}{2}$ നേക്കാൾ 30 കൂടുതലായാൽ സംഖ്യ എത്ര?

(A) 10 (B) 20

(C) 30 (D) 40

94. 5 ആപ്പിളിന്റെ വാങ്ങിയവില 4 ആപ്പിളിന്റെ വിറ്റവിലയ്ക്ക് തുല്യമാണ്. എങ്കിൽ ലാഭമോ നഷ്ടമോ എത്ര ശതമാനം?

(A) 10% (B) 20%

(C) 25% (D) 30%

**95.** നിങ്ങൾ വീട്ടിൽ നിന്ന് ആദ്യം 5 km വടക്കോട്ടും അവിടെ നിന്ന് 12 km കിഴക്കോട്ടും നടന്ന് ഒരു ആരാധനാലയത്തിൽ എത്തിയെന്ന് കരുതുക. എങ്കിൽ നിങ്ങളുടെ വീടും ആരാധനാലയവും തമ്മിലുള്ള അകലം എത്രയാണ്?

(A) 13 (B) 12
(C) 15 (D) 10

**96.** 400 തൊഴിലാളികൾക്ക് 75 ദിവസംകൊണ്ട് ഒരു ജോലി പൂർത്തിയാക്കാൻ കഴിയും. അതിൽ നിന്ന് 25 തൊഴിലാളികളെ മാറ്റിയാൽ ആ ജോലി പൂർത്തിയാക്കാൻ എത്ര ദിവസം വേണ്ടിവരും?

(A) 80 (B) 75
(C) 90 (D) 100

**97.** ഒരു സ്ഥലത്ത് കുറെ ഓട്ടോറിക്ഷകളും കാറുകളും പാർക്ക് ചെയ്തിരിക്കുന്നു. ആകെ 20 വാഹനങ്ങളും 68 ചക്രങ്ങളും എങ്കിൽ ഓട്ടോറിക്ഷകളുടെ എണ്ണമെത്ര?

(A) 8 (B) 16
(C) 9 (D) 12

**98.** ഒരു അച്ഛന്റേയും മകന്റേയും വയസ്സുകൾ തമ്മിലുള്ള അംശബന്ധം 4 : 2. അവരുടെ വയസ്സുകളുടെ ഗുണനഫലം 72 ആയാൽ 10 വർഷം കഴിയുമ്പോൾ വയസ്സുകൾ തമ്മിലുള്ള അംശബന്ധം എത്രയായിരിക്കും?

(A) 10 : 4 (B) 11 : 8
(C) 8 : 4 (D) 8 : 11

**99.** ഒരു സമചതുരത്തിന്റെ വശം $\frac{1}{2}$ ആയി കുറഞ്ഞാൽ അതിന്റെ ചുറ്റളവിലും പരപ്പളവിലും വരുന്ന മാറ്റമെന്ത്?

(A) ചുറ്റളവ് $\frac{1}{2}$ ഉം പരപ്പളവ് $\frac{1}{4}$ ഉം ആയി കുറയുന്നു

(B) ചുറ്റളവ് $\frac{1}{2}$ ഉം പരപ്പളവ് $\frac{1}{2}$ ഉം ആയി കുറയുന്നു

(C) ചുറ്റളവ് $\frac{1}{4}$ ഉം പരപ്പളവ് $\frac{1}{4}$ ഉം ആയി കുറയുന്നു

(D) ചുറ്റളവ് $\frac{1}{4}$ ഉം പരപ്പളവ് $\frac{1}{2}$ ഉം ആയി കുറയുന്നു

**100.** മണിക്കൂറിൽ 72 km വേഗത്തിൽ ഓടുന്ന 300 m നീളമുള്ള ട്രെയിൻ $\frac{1}{2}$ km നീളമുള്ള പാലം മറികടക്കാൻ എത്ര സമയമെടുക്കും?

(A) 25 sec (B) 20 sec
(C) 30 sec (D) 40 sec

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**